(ബി&സി) പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കാതെ പുതിയ അണക്കെട്ടിനുള്ള ശ്രമങ്ങൾ തുടരുവാൻ സാധിക്കുകയില്ല. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് നിയമപരമായ തടസ്സങ്ങളില്ലായെന്നുള്ള നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ ആവശ്യം നിരസിക്കുന്നതിനുള്ള തീരുമാനം ഏകപക്ഷീയമാണെന്നും കേരളത്തിന്റെ അപേക്ഷ പരിഗണിക്കുന്നതിന് നിയമപരമായ തടസ്സങ്ങളില്ലെന്നും അറിയിച്ചുകൊണ്ട് വിശദമായ കത്തുകൾ കേന്ദ്ര സർക്കാരിനും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ ആവശ്യം പരിഗണിക്കുന്നതിനുള്ള അനുകൂലമായ നിലപാട് കേന്ദ്ര സർക്കാരോ കേന്ദ്ര സർക്കാർ ഏജൻസികളോ സ്വീകരിച്ചിട്ടില്ല. നിയമപരമായ നടപടികൾ ഇക്കാര്യത്തിൽ വീണ്ടും സ്വീകരിക്കുന്നത് സംബന്ധിച്ച് സുപ്രീംകോടതിയിൽ സർക്കാരിനുവേണ്ടി കേസ് വാദിക്കുന്ന വിദഗ്ധരായ അഭിഭാഷകരുടെ നിയമോപദേശം ലഭ്യമാക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ തമിഴ്നാട് ഫയൽ ചെയ്ത ഇടക്കാല ഹർജി സംബന്ധിച്ചുള്ള Reply affidavit കേരളം ഫയൽ ചെയ്തിട്ടുണ്ട്. നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടികൾ സമയബന്ധിതമായിത്തന്നെ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്.

പുലമൺതോടിന്റെ നിർമ്മാണം

230 (919) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പുലമൺതോടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പുലമൺതോടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പണിസ്ഥലം 12-12-2013-ൽ കരാറുകാരന് കൈമാറുകയും പണി ആരംഭിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സെന്റ് ഗ്രിഗോറിയസ് കോളേജ് മുതൽ മീൻപിടിപ്പാറ വരെയുള്ള ഏകദേശം 320 മീറ്റർ റോഡിന്റെ കോൺക്രീറ്റ്, കരിങ്കല്ല് ഉപയോഗിച്ചുള്ള 300 മീറ്റർ സംരക്ഷണ ഭിത്തി, കോൺക്രീറ്റ് ഉപയോഗിച്ച് 60 മീറ്റർ സംരക്ഷണ ഭിത്തി, 50 മീറ്റർ വേലി നിർമ്മാണം, ഒരു കിലോമീറ്റർ നീളത്തിൽ ഭാഗികമായി തോട്ടിലെ മാലിന്യങ്ങളും ചെളിയും നീക്കം ചെയ്യൽ ഇവയാണ് ഇതുവരെ നടന്നത്. ഏകദേശം 600 മീറ്റർ നീളത്തിൽ കോൺക്രീറ്റ് സംരക്ഷണഭിത്തി, 700 മീറ്റർ നീളത്തിൽ കരിങ്കൽ സംരക്ഷണഭിത്തി, 6 കി.മീറ്റർ നീളത്തിൽ തോട്ടിലെ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ, ബെഡ് ലെവൽ ക്രോസ്ബാറിന്റെ നിർമ്മാണം എന്നിവയാണ് അവശേഷിക്കുന്ന പ്രവൃത്തികൾ.

(സി) 31-12-2015 വരെ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. ഈ കാലാവധിക്കുള്ളിൽത്തന്നെ പണി പൂർത്തീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

231 (920) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഴശ്ശി ഇറിഗേഷൻ പ്രോജക്ട് ഡിവിഷന്റെ കൈവശമുള്ള മൂന്നേക്കർ ഭൂമി മട്ടന്നൂർ മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിനു നൽകാമെന്ന 28-11-2013-ലെ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 27698/IRI/12/WRD നമ്പർ കത്ത് പ്രകാരം പ്രസ്തുത സ്ഥലം അളന്നു തിട്ടപ്പെടുത്തി റവന്യൂ വകുപ്പിന് കൈമാറുവാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

മട്ടന്നൂർ മിനി സിവിൽ സ്റ്റേഷന് പഴശ്ശി പദ്ധതിയുടെ സ്ഥലം നൽകുന്നതുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് അധികാരികളും റവന്യൂ വകുപ്പ് അധികാരികളും പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്. ആയതിന്റെ സ്കെച്ച് തയ്യാറാക്കി സ്ഥലം മാർക്ക് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.